ഗോതമ്പുവില

*൮൪൬. (൬൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗോതമ്പിന്റെ വില കുറയ്ക്കുവാൻ ആലോചനയുണ്ടോ?

(ബി) റേഷൻപ്രകാരമുള്ള ഗോതമ്പ് ഒരാഴ്ചത്തേക്ക് ഒന്നായി കൊടുക്കാത്തതുകൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ടെന്ന കാര്യം സർക്കാരിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആലോചനയുണ്ട്.

(ബി) അറിയാം. ഗോതമ്പ് യഥാസമയം കിട്ടായ്കയാൽ ഒന്ന് എന്ന പ്രകാരം ഒന്നായി കൊടുക്കാൻ സാധിക്കാതെ വന്നതു്. കൂടുതൽ ഗോതമ്പ് തരുവാൻ ഇൻഡ്യാ ഗവൺമെന്റിനോടു് നിവേദനങ്ങൾ നടത്തിട്ടുണ്ടു്.

APPLICATIONS FOR PENSION

*846. [68] **Sri. A. K. George:** Will the Hon'ble Minister for Finance be pleased to state:

(*a*) has it come to the notice of Government that several persons who have retired from Government service have not yet received their pension, after several months or even years;

(*b*) if so, what are the steps taken in that direction;

(*c*) how many applications for pensions are still pending before Government;

(*d*) when were such applications filed by them?

Minister for Finance and Revenue [**Sri. A. J. John**]:

(*a*) Yes. Certain cases of delayed pensions have come to the notice of Government.

(*b*) Stringent instructions have been issued to the Departmental Heads not to cause any avoidable delay in the matter of settling pensions.

(*c*) None is pending with Government in the Finance Department. Probably a few may be pending with the Departmental Heads and in the Accountant-General's Office.

(*d*) Does not arise in view of the answer to (*c*) above.

ചേന്ദമംഗലം ഗവൺമെന്റാശുപത്രി

*൮൪൭. (൬൯) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം ഗവൺമെന്റ് ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇൻസ്പെക്ടറായി ചികിത്സിച്ചിട്ടുള്ളവരിൽ ആരെങ്കിലും ആശുപത്രിയിൽവെച്ച് മരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത്ര?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) പതിനാലു്.

PLAYGROUND FOR NARAKKAL HIGH SCHOOL

*848. [71] **Sri. M. I. Paul:** Will the Hon'ble Minister for Education be pleased to state:

(*a*) whether the Government have received several representations for a play ground for the Narakkal School; and

(*b*) if so, what action has been taken?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]:**

(*a*) A representation has been received.

(*b*) The matter is under consideration.

അദ്ധ്യാപകർ

*വ ൪൯. (൭൮) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

സ്കൂൾ തുറന്ന നാലുമാസക്കാലമായിട്ടും മിക്ക സ്കൂളുകളിലും ഇനിയും അദ്ധ്യാപകരെ മുഴുവനും നിയമിച്ചുകഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുതയും, അതാതു സ്ഥലങ്ങളിൽനിന്നുള്ള പത്രറിപ്പോർട്ടുകളും ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്. അതിനു വേണ്ട നടപടിയും നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസാനുകൂല്യങ്ങൾ

*വ ൫ ൦. (൭൯) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

സാധു വിദ്യാർത്ഥികൾക്കു ഗവണ്മെണ്ടു നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇത്രയുമായിട്ടും നൽകാതിരിക്കുവാനുള്ള കാരണമെന്തു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): നിയമപ്രകാരം അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അതാതു വിദ്യാർത്ഥികൾക്കു നൽകുന്നുണ്ട്. നൽകാതിരിക്കുന്നതായി അറിവില്ല.

വിദ്യാഭ്യാസസഹായം

*വ ൫൨. (൭൪) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുങ്കൊല്ലസമുദായത്തിനു ഇതുവരെ അനുവദിച്ചുവന്നിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽനിന്നും അവരെ ഒഴിവാക്കാനുള്ള കാരണമെന്താണു;

(ബി) അതു വീണ്ടും അനുവദിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പെരുങ്കൊല്ലസമാജങ്ങളുടെ അപേക്ഷകളും നിവേദനങ്ങളും ഗവണ്മെണ്ടിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(സി) ആനുകൂല്യാടിസ്ഥാനത്തിൽ ഇക്കൊല്ലം കാളേജുകളിലും, ഹൈസ്കൂളുകളിലും ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഗവണ്മെണ്ടിന്റെ പെട്ടെന്നുള്ള കല്പനകൊണ്ടു പഠിപ്പു തുടരുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്ന വിവരവും അവരുടെ സംഘടന മുഖേനയുള്ള നിവേദനംകൊണ്ടു ഗവണ്മെണ്ടിനെ ധരിപ്പിച്ചിട്ടില്ലേ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) മാരോ സമുദായത്തിന്റേയും സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതിയെ അടിസ്ഥാനമാക്കി, പിന്നോക്കസമുദായ ഉപദേശകസമിതി ശുപാർശചെയ്തതനുസരിച്ചു, ഗവണ്മെണ്ടു,

LIBRARY ARCHIVES Kerala Legislative Assembly